# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 04.04.2018-ൽ |
| ചോദ്യം നമ്പർ - 6614 | മറുപടിയ്ക്ക് |

## വട്ടിയൂർക്കാവ് ജംഗ് ഷൻ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വട്ടിയൂർക്കാവ് ജംഗ് ഷൻ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ; | (എ) 08.12.2015 ലെ സി.ആർ.ഡി.പി. Phase II-ന്റെ എംപവേഡ് കമ്മിറ്റിയിലെ തീരുമാനമനുസരിച്ച് വട്ടിയൂർക്കാവ് ജംഗ് ഷൻ വികസന പദ്ധതി ഏറ്റെടുക്കുകയും, ഇതിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് സി.ആർ.ഡി.പി.യുടെ Transactional Adviser-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വികസന പദ്ധതി യുടെ ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ അതോറിറ്റിയായി ടിഡ്ഡയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതി യുടെ ആവശ്യത്തിലേക്കായി സ്ഥല മേറ്റെടുക്കുന്നതിന് ആസൂത്രണ സാമ്പ ത്തികകാര്യ വകുപ്പ് 45 കോടി രൂപയും, പൊതുമരാമത്ത് വകുപ്പ് വട്ടിയൂർക്കാവ് ജംഗ് ഷൻ വികസനത്തിനായി 100 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ പദ്ധതി നടത്തിപ്പി നായുള്ള എസ്.പി.വി ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 1.8366 ഹെക്ടർ സ്ഥലമേറ്റെടുക്കുന്ന തിന് 06.10.2017 ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ |

| | |
|---|---|
| | ആരംഭിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചത് എന്നാണെന്നും പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത് എന്നാണെന്നും അറിയിക്കുമോ? | (ബി) 08.12.2015-ലെ സി.ആർ.ഡി.പി. Phase II-ന്റെ എംപവേഡ് കമ്മിറ്റിയിലെ തീരുമാനമനുസരിച്ചാണ് പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചത്. 10.07.2017-ലെ. സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം 100 കോടി രൂപ കിഫ്ബി മുഖാന്തിരം ലഭ്യമാക്കി ചെയ്യുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 28.03.2018-ൽ സി.ആർ.ഡി.പി-യുടെ Transactional Adviser ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ